ePLUS Kerala in YouTube

# FOCUS AREA

## 8. LOCAL GOVERNMENTS

In 1989, the PK Thungon Committee recommended constitutional recommendation to local government bodies. Committee also suggested uniform structure, periodic election and more powers to the local government. On the basis of this recommendation, the Indian Parliament passed 73rd and 74th constitutional amendments.

### 73rd Amendment to the Constitution

The 73rd Amendment refers to local governments in rural areas or Panchayati Raj Institutions. The following are the major changes brought by 73rd Amendment.

**1. Three Tier Structure -**A three-tier panchayat system consisting of Gram Panchayat, Block Panchayat and District Panchayat should be implemented in all states. It also proposed the formation of a Gram Sabha consists of all adult members registered as voters in the Panchayath area.

**2. The election -** The panchayat members are directly elected by the people. The term of panchayats is five years.

**3. Reservation –** 50% of Seats in panchayat institutions are reserved for women. Reservation for Scheduled Caste and Scheduled Tribes are also provided.

**4 .Transfer of Subjects -**29 subjects under the jurisdiction of the state government were transferred to the local governments.

**5. State Election Commissioner -**Elections to Panchayati Raj institutions are conducted by the State Election Commission.

**6. State Finance Commission -** The State Government is required to appoint a Finance Commission every five years to check the financial position of the Local Governments and to transfer necessary funds.

ePLUS KERALA in YouTube

# 8 . പ്രാദേശിക ഗവൺമെന്റുകൾ

1989 ൽ പി കെ തുങ്കൻ കമ്മിറ്റി ഇന്ത്യയിലെ പ്രാദേശിക ഗവണ്മെന്റുകൾക്ക് കൃത്യമായ ഘടനയും പ്രവർത്തന സ്വതന്ത്രവും വേണമെന്ന് ശുപാർശ ചെയ്തു. ഈ ശുപാർശയുടെ അടിസ്ഥാനത്തിൽ ഇന്ത്യൻ പാർലമെന്റ് 73,74 ഭരണഘടനാ ഭേദഗതികൾ അംഗീകരിച്ചു.

## 73 ആം ഭരണഘടനാ ഭേദഗതി

ഗ്രാമപ്രദേശങ്ങളിലെ പ്രാദേശിക ഗവൺമെന്റുകൾ കുറിച്ചാണ് 73 ആം ഭരണഘടനാ ഭേദഗതിയിൽ പരാമർശിക്കുന്നത്. 73 ആം ഭരണഘടനാ ഭേദഗതിയിലെ പ്രധാന മാറ്റങ്ങൾ താഴെ കൊടുത്തിരിക്കുന്നു.

1. ത്രിതലഘടന - ഗ്രാമ പഞ്ചായത്തുകൾ, ബ്ലോക്ക് പഞ്ചായത്തുകൾ, ജില്ലാ പഞ്ചായത്തുകൾ എന്നിവ അടങ്ങിയ ത്രിതല പഞ്ചായത്ത് വ്യവസ്ഥ എല്ലാ സംസ്ഥാനങ്ങളിലും നടപ്പാക്കേണ്ടതാണ്. പ്രായപൂർത്തിയായ എല്ലാ പൗരന്മാരും പങ്കാളികളായ ഗ്രാമസഭ രൂപീകരിക്കുവാനും നിർദ്ദേശിച്ചു.

2 . തെരഞ്ഞെടുപ്പ് -പഞ്ചായത്ത് അംഗങ്ങളെ ജനങ്ങൾ നേരിട്ട് തെരഞ്ഞെടുക്കണം. പഞ്ചായത്തുകളുടെ കാലാവധി അഞ്ച് വർഷമാണ്.

3 . സംവരണം - പഞ്ചായത്ത് സ്ഥാപനങ്ങളിലെ സീറ്റുകൾ സ്ത്രീകൾക്കായിസംവരണം ചെയ്തിരിക്കുന്നു. പട്ടിക ജാതി , പട്ടിക വിഭാഗക്കാർക്കും നിശ്ചിത ശതമാനം സംവരണം ഏർപ്പെടുത്തിയിട്ടുണ്ട്.

4 .വിഷയങ്ങളുടെ കൈമാറ്റം - സംസ്ഥാന ഗവണ്മെന്റിന്റെ അധികാരപരിധിയിൽ പെട്ട 29 വിഷയങ്ങൾ പ്രാദേശിക ഗവണ്മെന്റുകൾക്ക് കൈമാറ്റം ചെയ്തു.

5 . സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മിഷണർ - പഞ്ചായത്തീരാജ് സ്ഥാപനങ്ങളിലെയുള്ള തെരഞ്ഞെടുപ്പ് നടത്തുന്നത് സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മിഷനാണ്.

6 . സംസ്ഥാന ധനകാര്യ കമ്മീഷൻ - പ്രാദേശിക ഗവണ്മെന്റുകളുടെ സാമ്പത്തിക സ്ഥിതി പരിശോധിക്കുന്നതിനും ആവശ്യമായ ഫണ്ട് കൈമാറുന്നതിനുമായി ഓരോ അഞ്ച് വര്ഷം കൂടുമ്പോഴും ധനകാര്യ കമ്മീഷനെ സംസ്ഥാന ഗവണ്മെന്റ് നിയമിക്കേണ്ടതാണ്.

Prepared by Mathew Joseph (GHSS Kozhichal)

ePLUS KERALA in YouTube